REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 05-01-2026 | സമയം 12.30 PM

## പ്രധാന വാർത്തകൾ

- **ഇന്ത്യൻ കോസ്റ്റ് ഗാർഡിന്റെ, ആദ്യ മലിനീകരണ നിയന്ത്രണ കപ്പൽ - 'സമുദ്ര പ്രതാപ്' ഗോവയിൽ കേന്ദ്രമന്ത്രി രാജ്നാഥ് സിംഗ് കമ്മീഷൻ ചെയ്തു.**
- **ഡൽഹി കലാപ ഗൂഢാലോചന കേസിൽ ഉമർ ഖാലിദിനും ഷർജീൽ ഇമാമിനും സുപ്രീം കോടതി ജാമ്യം നിഷേധിച്ചു.**
- **ശബരിമല സ്വർണ്ണക്കൊള്ളക്കേസ് അന്വേഷിക്കുന്ന SIT യ്ക്ക് ഹൈക്കോടതി ആറാഴ്ച കൂടി സമയം നീട്ടി നൽകി.**
- **കോൺഗ്രസിന്റെ ലക്ഷ്യ 'ലീഡേഴ്സ് സമ്മിറ്റ് 2026', വൈകിട്ട് സുൽത്താൻ ബത്തേരിയിൽ സമാപിക്കും.**
- **ഇന്ത്യ - ദക്ഷിണാഫ്രിക്ക അണ്ടർ - 19 പുരുഷ ഏകദിന ക്രിക്കറ്റ്, രണ്ടാം മത്സരം അല്പസമയത്തിനകം ബെനോണിയിൽ.**

## വാർത്തകൾ വിശദമായി

ഇന്ത്യൻ കോസ്റ്റ് ഗാർഡിന്റെ, ആദ്യ മലിനീകരണ നിയന്ത്രണ കപ്പൽ - 'സമുദ്ര പ്രതാപ്' ഗോവയിൽ രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ് കമ്മീഷൻ ചെയ്തു. സമുദ്ര മേഖലയിലെ ഇന്ത്യയുടെ ആത്മവിശ്വാസത്തിന്റെയും ദൃഢ നിശ്ചയത്തിന്റെയും പ്രതീകമാണ് 'സമുദ്ര പ്രതാപ് എന്ന് കമ്മീഷനിംഗ് ചടങ്ങിൽ രാജ്നാഥ് സിംഗ് പറഞ്ഞു. കാലാവസ്ഥാ വ്യതിയാനത്തിന്റെ കാലഘട്ടത്തിൽ സമുദ്ര - ജൈവ വൈവിദ്യം സംരക്ഷിക്കേണ്ടതിന്റെ അനിവാര്യതയും അദ്ദേഹം എടുത്തു പറഞ്ഞു.

സമുദ്ര മലിനീകരണ നിയന്ത്രണങ്ങൾ നടപ്പാക്കൽ, സമുദ്ര നിയമ നിർവ്വഹണം, തിരച്ചിൽ, രക്ഷാ പ്രവർത്തനങ്ങൾ, രാജ്യത്തിന്റെ പ്രത്യേക സാമ്പത്തിക മേഖല സംരക്ഷിക്കൽ തുടങ്ങിയ നിർണായക ദൗത്യങ്ങൾക്കാണ് കപ്പലിനെ നിയോഗിക്കുക. ഗോവ ഷിപ്പ്‌യാർഡ് ലിമിറ്റഡിലെ കോസ്റ്റ് ഗാർഡിന് കപ്പൽ ഔദ്യോഗികമായി കൈമാറി. സമുദ്ര പ്രതാപിന്റെ വരവോടെ രാജ്യത്തെ തീര സംരക്ഷണ സേനയുടെ പ്രവർത്തന സന്നദ്ധത കൂടുതൽ ശക്തിപ്പെടും.

✪✪✪

ഡൽഹി കലാപ ഗൂഢാലോചന കേസിൽ ഉമർ ഖാലിദിനും ഷർജീൽ ഇമാമിനും സുപ്രീം കോടതി ജാമ്യം നിഷേധിച്ചു. UAPA പ്രകാരം ഇവർക്കെതിരെ പ്രഥമ ദൃഷ്ട്യാ കേസുണ്ടെന്ന തെളിവുകൾ കാണിച്ചാണ് കോടതി ജാമ്യാപേക്ഷ തള്ളിയത്. അതേസമയം, കേസിലെ മറ്റ് അഞ്ച് പ്രതികൾക്ക് കോടതി ജാമ്യം അനുവദിച്ചു. ഖാലിദിനും ഇമാമിനും പ്രോസിക്യൂഷൻ സാക്ഷികളുടെ മൊഴിയെടുപ്പ് പൂർത്തിയായ ശേഷമോ ഒരു വർഷത്തിന് ശേഷമോ പുതിയ ജാമ്യാപേക്ഷ സമർപ്പിക്കാമെന്നും ഡിവിഷൻ ബെഞ്ച് വ്യക്തമാക്കി.

✪✪✪

സംസ്ഥാന നിയമസഭാ തിരഞ്ഞെടുപ്പിന്റെ പ്രചാരണ തന്ത്രങ്ങൾക്ക് രൂപം നൽകാൻ രാഷ്ട്രീയ പാർട്ടികളും മുന്നണികളും ശ്രമം തുടങ്ങി. മുൻകാലങ്ങളിൽ നിന്ന് വ്യത്യസ്തമായി പുതു തലമുറ മാധ്യമങ്ങളുടെ അകമ്പടിയോട് കൂടിയായിരിക്കും പ്രചാരണ പ്രവർത്തനങ്ങളെന്നാണ് വിലയിരുത്തൽ. തദ്ദേശ തെരഞ്ഞെടുപ്പിലെ പോലെ തന്നെ ശബരിമല സ്വർണ്ണക്കൊള്ളക്കേസ് മൂന്ന് മുന്നണികളുടെയും പ്രചാരണ വിഷയമായിരിക്കുമെന്ന് ഏറെക്കുറെ ഉറപ്പായി.

UDF നെയും NDA യും പ്രതിരോധിക്കാനായിരിക്കും LDF ന്റെ ശ്രമം. സ്വർണക്കൊള്ളക്കേസിൽ ഹൈക്കോടതി മേൽനോട്ടത്തിൽ SIT അന്വേഷണം മുന്നോട്ട് പോവുകയാണെന്നും ഇക്കാര്യത്തിൽ സംസ്ഥാന ഗവൺമെന്റിന് ഒന്നും ഒളിച്ചു വെക്കാനില്ലെന്ന നിലപാടിലായിരിക്കും LDF പ്രചാരണത്തിന് ഊന്നൽ നൽകുക.

എന്നാൽ, UDF സ്വർണക്കൊള്ളക്കേസിൽ ജയിലിൽ കഴിയുന്ന CPIM നേതാക്കളുടെ കാര്യം ഉയർത്തിയാണ് രംഗത്ത് വരിക.

NDA, ദേവസ്വം ബോർഡ് അടക്കം ക്ഷേത്രങ്ങളിൽ വിശ്വാസികൾ അല്ലാത്തവരെ ചുമതല ഏൽപ്പിച്ചാൽ ഉണ്ടാകുന്ന വിവാദങ്ങൾ പശ്ചാത്തലമാക്കിയായിരിക്കും പ്രചാരണം കൊഴുപ്പിക്കുക.

✪✪✪

മുസ്ലീം ലീഗിന്റെ നിർണായക പ്രവർത്തക സമിതി യോഗം കോഴിക്കോട്ട് ലീഗ് ഹൗസിൽ ആരംഭിച്ചു. നിയമസഭാ തെരഞ്ഞെടുപ്പിന്റെ സീറ്റ് വിഭജനം അടക്കം കാര്യങ്ങളായിരിക്കും യോഗത്തിൽ പ്രധാനമായും ചർച്ച ചെയ്യുക. കോൺഗ്രസുമായി അടുത്ത ആഴ്ച നടത്താൻ നിശ്ചയിച്ച സീറ്റ് വിഭജന ചർച്ചയിൽ എന്ത് സമീപനം സ്വീകരിക്കണം എന്ന കാര്യത്തിലും പ്രവർത്തക സമിതി തീരുമാനമെടുക്കും.

✪✪✪

CPIM കേന്ദ്ര കമ്മിറ്റി യോഗം ഈ മാസം 16 മുതൽ മൂന്ന് ദിവസം തിരുവനന്തപുരത്ത് ചേരും. നിയമസഭാ തെരഞ്ഞെടുപ്പ് അടക്കം വിഷയങ്ങൾ ചർച്ചയാകും.

✪✪✪

പാർട്ടി പറഞ്ഞാൽ നേമത്ത് വീണ്ടും മത്സരിക്കാൻ തയ്യാറാണെന്ന് മന്ത്രി V ശിവൻകുട്ടി പറഞ്ഞു. നിയമസഭാ തെരഞ്ഞെടുപ്പിൽ നേമത്ത് പാർട്ടി തീരുമാനം എന്താണോ അത് അനുസരിക്കുമെന്നും മന്ത്രി വ്യക്തമാക്കി. ഇടതു മുന്നണിയായിരിക്കും സ്ഥാനാർത്ഥിത്വം സംബന്ധിച്ച് തീരുമാനമെടുക്കുക. പാർട്ടി എടുക്കുന്ന തീരുമാനമാണ് തന്റെ തീരുമാനമെന്നും അദ്ദേഹം തൃശൂരിൽ പറഞ്ഞു. മൂന്ന് തവണ നേമത്ത് ജനവിധി തേടിയിട്ടുണ്ടെന്നും ഒരിക്കൽ പരാജയപ്പെട്ടെന്നും ശിവൻകുട്ടി അറിയിച്ചു.

✪✪✪

തദ്ദേശ തെരഞ്ഞെടുപ്പിൽ വെല്ലുവിളികളെ അതിജീവിച്ചാണ് UDF മിന്നുന്ന ജയം നേടിയതെന്ന് KPCC പ്രസിഡന്റ് സണ്ണി ജോസഫ് പറഞ്ഞു. സുൽത്താൻ ബത്തേരിയിൽ KPCC യുടെ ലക്ഷ്യ ദ്വിദിന ക്യാമ്പിൽ അധ്യക്ഷനായിരുന്നു അദ്ദേഹം.

തദ്ദേശ സ്ഥാപനങ്ങളിലെ വിജയ തുടർച്ച നിയമസഭാ തെരഞ്ഞെടുപ്പിലും ഉണ്ടാകുമെന്നും അതിന് തയാറെടുപ്പാണ് നടത്തി വരുന്നതെന്നും സണ്ണി ജോസഫ് അറിയിച്ചു.

✪✪✪

ശബരിമല സ്വർണ്ണക്കൊള്ളക്കേസ് അന്വേഷിക്കുന്ന പ്രത്യേക അന്വേഷണ സംഘത്തിന് അന്വേഷണം പൂർത്തിയാക്കാൻ ഹൈക്കോടതി ആറാഴ്ച കൂടി നൽകി. ഇന്ന് കേസ് പരിഗണിക്കവേയാണ് സമയ പരിധി കോടതി നീട്ടിയത്. കേസിന്റെ പ്രധാന്യം പരിഗണിച്ച് അടച്ചിട്ട കോടതിയിലാണ് ഇന്നും കേസ് പരിഗണിച്ചത്. പ്രത്യേക അന്വേഷണ സംഘം തലവൻ ADGP എച്ച് വെങ്കിടേഷ് ഉൾപ്പെടെ പ്രധാന ഉദ്യോഗസ്ഥരെല്ലാം കോടതിയിൽ ഹാജരായിരുന്നു.

അന്വേഷണ പുരോഗതി റിപ്പോർട്ട് SIT കോടതിയിൽ സമർപ്പിച്ചു. കേസ് ഹൈക്കോടതി 19ന് വീണ്ടും പരിഗണിക്കും.

✪✪✪

കോൺഗ്രസിന്റെ ലക്ഷ്യ ലീഡേഴ്സ് സമ്മിറ്റ് 2026 ഇന്ന് സുൽത്താൻ ബത്തേരിയിൽ സമാപിക്കും. ലക്ഷ്യ 2026 നയരേഖ ഇന്ന് ഉച്ചകോടിയിൽ അവതരിപ്പിക്കും. തെരഞ്ഞെടുപ്പിൽ 100 സീറ്റ് എന്നതാണ് ലക്ഷ്യമെന്ന് ഇന്നലെ AICC ജനറൽ സെക്രട്ടറി K.C വേണുഗോപാൽ വ്യക്തമാക്കിയിരുന്നു. അതിന് അനുസൃതമായ നടപടികൾ അടങ്ങുന്നതായിരിക്കും നയരേഖ.

പ്രതിപക്ഷ നേതാവ് V.D സതീശൻ ഉച്ചയോടെ നയരേഖ, ക്യാംപിൽ അവതരിപ്പിക്കും.

✪✪✪

29-ാമത് ദേശീയ യുവോത്സവത്തിന്റെ ഭാഗമായി ഈ മാസം 9 മുതൽ 12 വരെ ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ വികസിത് ഭാരത്, യങ് ലീഡേഴ്സ് ഡയലോഗ് സംഘടിപ്പിക്കും. കേരളത്തിൽ നിന്ന് 35 പേർ പങ്കെടുക്കും.

കേരളത്തെ പ്രതിനിധീകരിക്കുന്ന ഇവർ തെരഞ്ഞെടുത്ത 10 വിഷയങ്ങളിൽ വികസിത ഭാരതത്തെ കുറിച്ച് ആശയങ്ങൾ പ്രധാനമന്ത്രി നരേന്ദ്രമോദിക്ക് മുന്നിൽ അവതരിപ്പിക്കും. സംഘം നാളെ തിരുവനന്തപുരത്ത് നിന്ന് പുറപ്പെടും.

✪✪✪

കരസേനാ മേധാവി ജനറൽ ഉപേന്ദ്ര ദ്വിവേദിയുടെ നാല് ദിവസത്തെ UAE, ശ്രീലങ്ക സന്ദർശനം ഇന്ന് ആരംഭിക്കും. പ്രതിരോധ സഹകരണവും സൈനിക ബന്ധവും ശക്തിപ്പെടുത്തുന്നത് ലക്ഷ്യമിട്ടാണ് സന്ദർശനം. ഇന്ന് മുതൽ രണ്ട് ദിവസം UAE യിലെ കരസേനാ മേധാവി, മുതിർന്ന സായുധ സേനാ ഉദ്യോഗസ്ഥർ തുടങ്ങിയവരുമായി അദ്ദേഹം ചർച്ച നടത്തും.

സന്ദർശനത്തിന്റെ രണ്ടാം പാദത്തിൽ ശ്രീലങ്കയിൽ എത്തുന്ന ഉപേന്ദ്ര ദ്വിവേദി, ശ്രീലങ്കൻ സൈനിക മേധാവി ഉൾപ്പെടെ മുതിർന്ന സൈനിക, സിവിൽ നേതൃത്വവുമായി ആശയ വിനിമയം നടത്തും.

✪✪✪

രണ്ടാംവിള നെല്ല് സംഭരണത്തിന് മുന്നോടിയായി പ്രതിസന്ധികൾ ചർച്ച ചെയ്യാനും പരിഹരിക്കാനും മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിൽ തിരുവനന്തപുരത്ത് ഇന്ന് യോഗം ചേരും. മന്ത്രിമാർ, സപ്ലൈകോ മാനേജിങ് ഡയറക്ടർ, ഉദ്യോഗസ്ഥർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുക്കും.

✪✪✪

സ്വർണ്ണവില വീണ്ടും ലക്ഷം പിന്നിട്ടു. ഇന്ന് പവന് 1,160 രൂപ വർധിച്ച് ഒരു ലക്ഷത്തി 760 ലെത്തി. 12,595 രൂപയാണ് ഗ്രാം വില.

✪✪✪

ഇന്ത്യ - ദക്ഷിണാഫ്രിക്ക അണ്ടർ - 19 പുരുഷ ഏകദിന ക്രിക്കറ്റ്, മൂന്ന് മത്സര പരമ്പരയിലെ രണ്ടാം മത്സരം ഇന്ന് നടക്കും. ഉച്ചയ്ക്ക് ഒന്നിന് ദക്ഷിണാഫ്രിക്കയിലെ ബെനോണിയിലാണ് മത്സരം. പരമ്പരയിലെ ആദ്യ മത്സരത്തിൽ ഇന്ത്യയ്ക്കായിരുന്നു ജയം.

✪✪✪

പാലക്കാട് ചാലിശ്ശേരിയിൽ ദേശീയ സരസ്സ് മേള ജനപങ്കാളിത്തം കൊണ്ട് ശ്രദ്ധേയമാവുന്നു. അവധി ദിനമായ ഇന്നലെ സമീപ ജില്ലകളിൽ നിന്നടക്കം നിരവധി പേരാണ് മേളയ്ക്ക് എത്തിയത്.

പാലക്കാട്ട് നിന്ന് ഫൈസൽ അലിമുത്ത്.....

.........(വോയ്സ് )........

മേളയുടെ ഭാഗമായി ഇന്നലെ നടന്ന ആധാര സന്ധ്യ  മന്ത്രി കെ.രാജൻ ഉത്ഘാടനം ചെയ്തു. പുതിയ കാലം പുതിയ തൊഴിൽ എന്ന വിഷയത്തിൽ സെമിനാറും കുടുംബശ്രീ അംഗങ്ങളുടെ കലാപരിപാടികളും ഉണ്ടായിരുന്നു. തുറന്ന വേദിയിൽ കളരിപ്പയറ്റ് വീരനാട്യം  എന്നിവയും അരങ്ങേറി. ഇന്ന് വൈകിട്ട് നടക്കുന്ന സാംസ്കാരിക സമ്മേളനം മന്ത്രി സജി ചെറിയാൻ ഉത്ഘാടനം ചെയ്യും.വേദിയിൽ പുനർജനി നാടൻപാട്ടുകൾ ,സംസ്ഥാന ചലച്ചിത്ര പുരസ്കാര ജേതാവ് ബീന ആർ ചന്ദ്രൻ അവതരിപ്പിക്കുന്ന ഏക കഥാപാത്ര നാടകം എന്നിവ അവതരിപ്പിക്കും. വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള ഗ്രാമീണ വനിതാ സംരംഭകരുടെ 250 പ്രദർശന വിപണന സ്റ്റാളുകളാണ് സരസ്  മേളയുടെ പ്രധാന ആകർഷണം.രാജയത്തിന്റെ രുചി വൈവിധ്യം വിളമ്പുന്ന ഭക്ഷണ സ്റ്റാളുകളിലും നല്ല തിരക്കാണ് അനുഭവപ്പെടുന്നത്.

✪✪✪

ശബരിമല സ്വർണക്കൊള്ള കേസിൽ N വാസുവിനെ വീണ്ടും റിമാൻഡ് ചെയ്തു. കൊല്ലം വിജിലൻസ് കോടതിയിൽ ഹാജരാക്കിയ വാസുവിനെ 14 ദിവസത്തേക്കാണ്  റിമാൻഡ് ചെയ്തത്. തിരുവിതാംകൂർ ദേവസ്വം ബോർഡ് മുൻ പ്രസിഡന്റും, മുൻ  ദേവസ്വം കമ്മീഷണറും ആയിരുന്ന N വാസു കട്ടിളപ്പാളി കേസിലാണ് പ്രതിയായത്.

✪✪✪

മകരവിളക്ക് മഹോത്സവത്തിന് 9 ദിവസങ്ങൾ ബാക്കി നിൽക്കേ, ശബരിമല സന്നിധാനത്തും പരിസര പ്രദേശങ്ങിലും ഭക്തജനങ്ങളുടെ തിരക്ക് തുടരുന്നു.

പത്തനംതിട്ടയിൽ നിന്ന് ശ്രീജി S ശ്രീധർ ....

......(വോയ്സ് )......

മകരവിളക്ക് മഹോത്സവത്തിനു ഒൻപതു ദിനങ്ങൾ മാത്രം ബാക്കിനിൽക്കേ ഭക്തജനങ്ങളുടെ ഒഴുക്ക് ശബരിമല സന്നിധാനത്തും പരിസരപ്രദേശങ്ങിലും തുടരുകയാണ്. അഞ്ചു മണിക്കൂറിലധികം ക്യൂ നിന്നാണ് ഭക്തർ ദർശനം നടത്തിമടങ്ങുന്നത്. ശരംകുത്തി മുതൽ സോപാനത്തിനടുത്തുവരെ തീർഥാടകരുടെ വലിയ നിര കാണാനാകും. വലിയനട പന്തൽ നിറഞ്ഞ് ഭക്തർ ദർശനത്തിനായി കാത്തുനിൽക്കുന്നുണ്ട്. തിരക്ക് വർദ്ധിക്കുന്നതനുസരിച്ച് പ്രാഥമിക സൗകര്യങ്ങളുടെ അപര്യാപ്തതയും ഏറിവരുന്നത് തീർഥാടകരെ ബുദ്ധിമുട്ടിലാക്കുന്നു. എന്നാൽ മകരവിളക്കടുക്കുന്നതോടെ തിരക്കിനിയും വർധിക്കുമെന്നതിനാലും ഈ മാസം 10 നുശേഷം എത്തുന്നതീർഥാടകരിലേറെയും മകരജ്യോതി ദർശനത്തിനായി സന്നിധാനത്തും പരിസരപ്രദേശങ്ങിലും തമ്പടിക്കുമെന്നതിനാലും പോലീസും കേന്ദ്രസേനയും ദേവസ്വം ബോർഡും വിവിധ സർക്കാർ വകുപ്പുകളും തിരിക്ക് നിയന്ത്രണത്തിനുള്ള ഒരുക്കങ്ങളും ആരംഭിച്ചിട്ടുണ്ട്. ബരിക്കേഡുകളും കുടിവെള്ള ലഭ്യതയുമൊക്കെ ഇതിന്റെഭാഗമായി ക്രമീകരിക്കും.

✪✪✪

സംസ്ഥാനത്തെ എൻജിനീയറിംഗ്, ആർക്കിടെക്ചർ, ഫാർമസി, മെഡിക്കൽ, മെഡിക്കൽ അനുബന്ധ കോഴ്സുകളിലെ പ്രവേശന പരീക്ഷ - കീമിന് ഇന്ന് മുതൽ അപേക്ഷിക്കാം. പ്രവേശന പരിക്ഷാ കമ്മീഷണറുടെ ഔദ്യോഗിക വെബ്സൈറ്റിലൂടെ ഈ മാസം 31 ന് വൈകിട്ട് അഞ്ചു വരെയാണ് അപേക്ഷ സമർപ്പിക്കേണ്ടത്. ഏപ്രിൽ ആദ്യ വാരമായിരിക്കും പരീക്ഷ.

✪✪✪

ദേശീയപാത 766-ൽ താമരശ്ശേരി ചുരത്തിൽ ഇന്ന് മുതൽ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തി. 6, 7, 8 വളവുകളിൽ മുറിച്ചിട്ട മരങ്ങൾ ക്രെയിൻ ഉപയോഗിച്ച് ലോറിയിൽ കയറ്റൽ, അറ്റകുറ്റപ്പണികൾ എന്നിവ കാരണമാണ് ഗതാഗത നിയന്ത്രണം. ബുദ്ധിമുട്ട് ഒഴിവാക്കാൻ യാത്രാ വാഹനങ്ങൾ രാവിലെ എട്ടിന് മുൻപും, വൈകീട്ട് ആറിന് ശേഷവും ക്രമീകരിക്കണമെന്ന് നിർദേശമുണ്ട്.

✪✪✪

അബുദാബിയിൽ വാഹനാപകടത്തിൽ മൂന്നു കുട്ടികളുൾപ്പെടെ നാലുപേർ മരിച്ചു. കൊണ്ടോട്ടി പുളിയക്കോട് സ്വദേശി അബ്ദുൽ ലത്തീഫിന്റെ മൂന്നു മക്കളാണ് മരിച്ചത്. ഇവരുടെ കൂടെ യാത്ര ചെയ്തിരുന്ന വീട്ടു ജോലിക്കാരി ബുഷ്റയും മരിച്ചു.

✪✪✪

തിരുവനന്തപുരത്ത് അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് ഒരാൾ കൂടി മരിച്ചു. വെങ്ങാനൂർ സ്വദേശിയായ 59 കാരനാണ് മരിച്ചത്. മെഡിക്കൽ കോളജ് ആശുപത്രിയിലെ ചികിത്സയ്ക്കിടെ രണ്ട് ദിവസം മുൻപാണ് ഇയാൾക്ക് രോഗം സ്ഥിരീകരിച്ചത്.

അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് നിലവിൽ 4 പേർ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലുണ്ട്.

✪✪✪

നടനും, പ്രൊഡക്ഷൻ കൺട്രോളറുമായ കണ്ണൻ പട്ടാമ്പി പാലക്കാട്ട് അന്തരിച്ചു - 61 വയസ്സായിരുന്നു. സംസ്കാരം വൈകീട്ട് പാലക്കാട് ഞാങ്ങാട്ടിരിയിലെ വീട്ടുവളപ്പിൽ നടത്തും.

✪✪✪

*News Editor വി കെ സുരേഷ്*
*News Reader: : അനുഷ ആത്മപ്രകാശ്*
*NRTs: അനിൽ ചന്ദ്രൻ, പ്രവീൺ*
*DEO : സി കെ സുബോധ്*